കപ്പലിനെ സംബന്ധിച്ചുള്ള വിവരങ്ങളും പരാതികളും കൈകാര്യം ചെയ്യുന്നത് പോർട്ട് വകുപ്പാണ്. പോർട്ട് വകുപ്പിന്റെ അസിസ്റ്റന്റ് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(4) പ്ലസ് ടു പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്കിടയിൽ നിലനിൽക്കുന്ന ആശങ്കകൾ

ശ്രീ. വി. ചെന്താമരാക്ഷൻ: പ്ലസ് ടു സ്കൂളുകളിൽ പ്രവേശനം കിട്ടാത്ത പതിനായിരക്കണക്കിന് കുട്ടികൾ പാരലൽ കോളേജുകളെയാണ് ആശ്രയിക്കുന്നത്. ഗ്രേഡിംഗ് സമ്പ്രദായം കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ വന്നതിന്റെ ഭാഗമായി പ്ലസ് ടുവിന് പാരലൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പ്രോജക്ട് അസൈൻമെന്റ് വിശകലനം ചെയ്യുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് വലിയ ആശങ്കയുണ്ട്. അതിന് എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, ശ്രീ. ചെന്താമരാക്ഷന്റെ സബ്മിഷൻ പ്രകാരം ഞങ്ങൾ ഇവിടെ ഈ കുട്ടികൾക്ക് വേണ്ടി, ഒന്നാമത് ചെയ്യാൻ പോകുന്നത് ഓപ്പൺ സ്ട്രീം ഒന്നുകൂടി ശക്തിപ്പെടുത്തുക എന്നുള്ളതാണ്. അങ്ങനെയാണെങ്കിൽ കുറെ പ്രശ്നം പരിഹരിച്ചുപോകും. ഗവൺമെന്റ് സ്കൂളുകളിൽക്കൂടി പ്ലസ് ടു കൊടുക്കുന്ന ഒരു പദ്ധതിയും ആലോചിച്ചുകൊണ്ടിരിക്കുന്നു. ഫൈനലായിട്ടില്ലെങ്കിലും അങ്ങനെ സീറ്റിന്റെ കാര്യത്തിൽ ഒരു വർദ്ധനവ് കൂടി ഉണ്ടാക്കി ഓപ്പൺ സ്ട്രീം കുറച്ചുകൂടി ശക്തിപ്പെടുത്താനാണ് ആലോചിക്കുന്നത്.

(5) കോതകുളങ്ങര (നോർത്ത്) മലയാറ്റൂർ കുടിവെള്ള പദ്ധതികൾ

ശ്രീ. പി. ജെ. ജോയി: സർ, അങ്കമാലി നിയോജകമണ്ഡലത്തിലെ കോതകുളങ്ങര (നോർത്ത്) മലയാറ്റൂർ ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, ബഹുമാനപ്പെട്ട പി. ജെ. ജോയി എന്നോട് നേരത്തെ ഇക്കാര്യം പറഞ്ഞിട്ടുള്ളതാണ്. ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly